**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 181 08.03.2017 -ൽ മറുപടിക്ക്

**അഡ്വഞ്ചർ ടൂറിസം**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) അഡ്വഞ്ചർ ടൂറിസം മേഖലയിൽ സംസ്ഥാനത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായെന്ന് വ്യക്തമാക്കുമോ; | എ) അഡ്വഞ്ചർ ടൂറിസം മേഖലയിൽ സംസ്ഥാനത്ത് കൈവരിക്കാനായ നേട്ടങ്ങൾ താഴെ പറയുന്നു.<br>1. 2001 ൽ ആദ്യത്തെ അഡ്വഞ്ചർ പാർക്ക് തെന്മലയിൽ രൂപം നൽകി.<br>2. 2012-ൽ അഡ്വഞ്ചർ ടൂറിസത്തിന്റെ പ്രചാരണാർത്ഥം കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി എന്ന സ്ഥാപനം രൂപീകരിച്ചു.<br>3. കേരളത്തിൽ സാധ്യതയുള്ള വിവിധ പ്രദേശങ്ങളിൽ അഡ്വഞ്ചർ പാർക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്.<br>4. ഇന്റർനാഷണൽ മൗണ്ടൻ ബൈക്കിംഗ് കോംപറ്റീഷൻ, മലബാർ റിവർ ഫെസ്റ്റിവൽ, സ്കൂബാ ഡൈവിംഗ്, പാരാ ഗ്ലൈഡിങ് എന്നീ സാഹസിക വിനോദങ്ങൾക്ക് ഉടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | |
|---|---|
| ബി) ഇതിനായി സജ്ജമാക്കിയിട്ടുള്ള കേന്ദ്രങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ; | ബി) <u>കേരളത്തിലെ സാഹസിക ടൂറിസം പാർക്കുകൾ സജ്ജീകരിച്ചിട്ടുള്ള കേന്ദ്രങ്ങൾ.</u><br>• തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്, കൊല്ലം ജില്ലയിലെ തെന്മല, ആശ്രാമം, വയനാട് ജില്ലയിലെ കർലാട്, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന്.<br>• കൊല്ലം ജില്ലയിൽ പി.പി.പി. മോഡലിൽ വികസിപ്പിക്കുന്ന ജഡായുപാറ ടൂറിസം പദ്ധതിയുടെ ഭാഗമായി അഡ്വഞ്ചർ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്.<br><u>കേരളത്തിലെ സാഹസിക ടൂറിസം ഈവന്റുകൾ നടത്തുന്ന കേന്ദ്രങ്ങൾ</u><br>• മൗണ്ടൻ സൈക്കിളിങ്ങിനായി തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ, കൊല്ലം ജില്ലയിലെ തെൻമല, വയനാട് ജില്ലയിലെ പൊഴുതന.<br>• പാരാസൈക്ലിങ്ങിനായി കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്.<br>• സ്കൂബാ ഡൈവിങ്ങിനായി തിരുവനന്തപുരം ജില്ലയിലെ കോവളം.<br>• കയാക്കിംഗിനായി കോഴിക്കോട് ജില്ലയിലെ തുഷാരഗിരി.<br>• പാരാഗ്ലൈഡിംഗിനായി ഇടുക്കി ജില്ലയിലെ വാഗമൺ. |

| | |
|---|---|
| സി) അഡ്വഞ്ചർ ടൂറിസത്തെക്കുറിച്ച് മതിയായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | സി) കേരളത്തിലെ ടൂറിസം മേഖലകളുടെ പ്രചരണം വകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗം നടത്തി വരുന്നുണ്ട്. ഇതിൽ സാഹസിക ടൂറിസത്തിനു വേണ്ടിയുള്ള പ്രചരണ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി ദേശീയ അന്താരാഷ്ട്രതലങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ വകുപ്പിന് ഉദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ.